# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുവന്താനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-911/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 01/11/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുവന്താനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-911/2023 തീയ്യതി: 01/11/2023

## ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-02-2023 മുതൽ 24-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 24-07-2023 | 29-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-07-2023 | 29-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി. ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷംലത്ത് എം.എസ്., അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി.നായർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഡോമിന സജി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. വിനോദ് ബി. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പൊന്നമ്മ എ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി വി സുന്ദരി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ ജിക്കുമോൻ ആർ | മെഡിക്കൽ ഓഫീസർ, FHC | 01-04-2022 | 07-05-2022 |
| ഡോ. മനീഷ വി. സോമരാജ | മെഡിക്കൽ ഓഫീസർ, FHC | 08-05-2022 | 02-03-2023 |
| ഡോ.ഷെറിൻ മറിയ അഗസ്റ്റിന | മെഡിക്കൽ ഓഫീസർ, FHC | 03-03-2023 | 31-03-2023 |
| ഡോ ഹരിമോഹൻ സി എം | മെഡിക്കൽ ഓഫീസർ, (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ വിബീഷ ഇ | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ റോയ് മോൻ മാത്യു | ഹെഡ് മാസ്റ്റർ(യു പി എസ്) | 01-04-2022 | 31-03-2023 |
| ശ്രീമതി ഷിംജ ബഷീർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. സ്റ്റീഫൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 04-08-2022 |
| ശ്രീമതി ജോസ്മി ജോൺസൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 05-08-2022 | 24-09-2022 |
| ശ്രീ. സ്റ്റീഫൻ റ്റി. | അസിസ്റ്റന്റ് എഞ്ചിനീയർ | 25-09-2022 | 29-09-2022 |
| ശ്രീ. അജിത് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 30-09-2022 | 31-03-2023 |
| ശ്രീ. ജിൻഷാദ് ഹസ്സൻ | വി. ഇ. ഒ. | 01-04-2022 | 02-06-2022 |
| ശ്രീ. ത്യാഗരാജൻ റ്റി. | വി. ഇ. ഒ. | 03-06-2022 | 31-03-2023 |
| ഡോ. അനിൽ കുമാർ | വെറ്ററിനറി സർജൻ | 01-04-2022 | 21-04-2022 |
| ഡോ. സിൻസി സക്കറിയ | വെറ്ററിനറി സർജൻ | 22-04-2022 | 31-08-2022 |
| ഡോ. ശാലിനി വില്ലിൻസൻ | വെറ്ററിനറി സർജൻ | 01-09-2022 | 24-09-2022 |
| ഡോ. ജലജ കെ. എൽ. | വെറ്ററിനറി സർജൻ | 25-09-2022 | 31-03-2023 |
| ശ്രീമതി ബദരിയ പി. എസ്. | കൃഷി ഓഫീസർ | 01-04-2022 | 05-05-2022 |
| ശ്രീമതി. എൽസാ ഗിൽസ് | കൃഷി ഓഫീസർ | 06-05-2022 | 27-09-2022 |
| ശ്രീ. മണികണ്ഠൻ എസ്. | കൃഷി ഓഫീസർ | 28-09-2022 | 31-10-2022 |
| ശ്രീമതി ലിന്റ മാത്യു | കൃഷി ഓഫീസർ | 01-11-2022 | 31-03-2023 |

--

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-2 |
| 4 | ചെലവ് വൗച്ചറുകളെ ശരിയായ ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ല | 1-1-5 |
| 7 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-6 |
| 8 | എൻ.ആർ.ഇ.ജി.എസ്. - ഗുണഭോക്താക്കൾക്ക് നൽകുന്നതും മെറ്റീരിയൽ പർച്ചേസും തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | ഗ്രാന്റ് വിനിയോഗം | 1-3 |
| 11 | സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്തത് | 1-3-1 |
| 12 | സംരക്ഷണ ഗ്രാന്റ് നിശ്ചിത ചെലവ് പരിധി കടക്കാതിരുന്നതിനാൽ തുക ലാപ്സായി | 1-3-2 |
| 13 | പദ്ധതി അവലോകനം | 1-4 |
| 14 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | കാഷ് പരിശോധന | 1-7 |
| 17 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 18 | മാനുവൽ രസീത് ബുക്ക് വിതരണത്തിലും സൂക്ഷിപ്പിലുമുള്ള അപാകങ്ങൾ | 1-9 |
| 19 | തനത് വരുമാനം പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1- 10 |
| 20 | ഇ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല | 1-11 |
| 21 | തിരികെ ലഭിച്ച പദ്ധതി വിഹിതം തനത് ഫണ്ടിന്റെ ഭാഗമാക്കി | 1-12 |
| 22 | തനത് വിഭവ സമാഹരണം - അവലോകനം | 1-13 |
| 23 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നു | 1-14 |
| 24 | തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-15 |
| 25 | കരാറുകാരുടെ നിരതദ്രവ്യം - തിരികെ നൽകിയ തുക നീക്കിയിരിപ്പിൽ കുറവ് ചെയ്തില്ല | 1-16 |
| 26 | ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ അവശേഷിക്കുന്നു. | 1- 17 |
| 27 | അനധികൃത നിർമ്മാണം ഒഴിപ്പിക്കൽ - ചെലവ് തുക കൈയ്യേറ്റക്കാരനിൽ നിന്ന് ഈടാക്കിയില്ല | 1-18 |
| 28 | തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ക്രമീകരിച്ചില്ല | 1-19 |
| 29 | യു.പി. സ്കൂളിൽ ശലഭ പാർക്ക് - ശാസ്ത്രീയ പഠനം കൂടാതെ പ്രോജക്ടിന് തുക ചെലവഴിച്ചു | 1-20 |

| | | |
|---|---|---|
| 30 | ജൈവ വൈവിധ്യ പച്ചത്തുരുത്ത് - പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അപാകതകൾ | 1-21 |
| 31 | ഗെയിംസ് ടീം രൂപീകരണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-22 |
| 32 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ - മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി | 1-23 |
| 33 | കരാറുകാരിൽനിന്നും ജി.എസ്.റ്റി. ഈടാക്കിയില്ല | 1-24 |
| 34 | ഹരിത കർമ്മസേനയ്ക്ക് വാങ്ങിയ ഇലക്ട്രിക് ഗുഡ്സ് ഓട്ടോ പ്രവർത്തനരഹിതം | 1-25 |
| 35 | തെരുവ് ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-26 |
| 36 | വിവിധ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ - വിതരണ ഏജൻസികൾ ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല | 1-27 |
| 37 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അനുവദനീയമല്ലാത്ത പ്രോജക്ട് നടപ്പാക്കാൻ ശ്രമിച്ചത് വഴി പഞ്ചായത്ത് ഫണ്ടിന് വൻ സാമ്പത്തിക ബാധ്യത | 1-28 |
| 38 | വാങ്ങിയ കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല | 1-29 |
| 39 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം - പദ്ധതി പൂർത്തിയാക്കിയില്ല | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ - മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് നല്കിയ തുകകൾ | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.07.2023-ലെ 1(1)-ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം തയ്യാറാക്കി 12.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പെരുവന്താനം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരുവന്താനം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക

നിലയെക്കുറിച്ചും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തൊടുപുഴ | ഡെപ്യൂട്ടി ഡയറക്ടർ |
| 01.11.2023 | ഇടുക്കി |

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ), (എഫ്.) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ(എം.എസ്.)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

1-1-3 ചെലവ് വൗച്ചറുകളെ ശരിയായ ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല

വിവിധ ചെലവുകൾ ശരിയായ അക്കൗണ്ട് ഹെഡിൽ ഉൾപ്പെടുത്താതെ അക്കൗണ്ട് ഹെഡ് 350109999 (Amount Payable To Other Creditors) ഉൾപ്പെടുത്തി ₹2,12,21,677/- ചെലവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

1-1-4 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-5 രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, നികുതിയേതര വരുമാനങ്ങളുടെ രജിസ്റ്ററുകൾ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-6 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഇൻകം & എക്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, 19) പ്രകാരം ജേർണൽ വൗച്ചർ പ്രകാരം എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരികരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ആയതിനാൽ വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചർ 1-18 പ്രകാരമുള്ള ₹23,26,055/-, ₹41,16,828/- എന്നീ തുകകളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

1-1-7 എൻ.ആർ.ഇ.ജി.എസ്. - ഗുണഭോക്താക്കൾക്ക് നൽകുന്നതും മെറ്റീരിയൽ പർച്ചേസും തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നതും മെറ്റീരിയൽ പർച്ചേസും ഇനത്തിലെ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/27-07-2023) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ എൻ.ആർ.ഇ.ജി.എസ്. ഓഫീസിൽ നിന്നും ലഭ്യമാക്കിയ കണക്കുകളാണ് ഖണ്ഡിക 1-6ൽ ചേർത്തിരിക്കുന്നത്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 30.03.2022-ലെ I(1) നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 13.03.2023-ലെ 3(1) നമ്പർ തീരുമാനപ്രകാരവും ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം (₹) |
|---|---|
| മുന്നിരിപ്പ് | 686142 |
| വരവ് | 207979468 |
| ആകെ | 208665610 |
| ചെലവ് | 203341953 |
| നീക്കിയിരിപ്പ് | 5323657 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കും പ്രകാരമുള്ള സമയക്ലിപ്തതയും നടപടി ക്രമങ്ങളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പാലിച്ചിട്ടില്ല. നവംബർ മാസമുള്ള വിവര ശേഖരണം, ജനവരി ആദ്യ വാരമുള്ള ബജറ്റ് അവതരണം എന്നിവ കലണ്ടർ പ്രകാരം നടന്നിട്ടില്ല.

1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ്/ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് – പൊതുവിഭാഗം | 0 | 18713000 | 18713000 | 16239069 | - |
| വികസന ഫണ്ട് – എസ്.സി.പി. | 0 | 4613362 | 4613362 | 4294533 | - |
| വികസന ഫണ്ട് – ടി.എസ്.പി. | 0 | 1181188 | 1181188 | 1107063 | - |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 370197 | 3566867 | 3937064 | 3197514 | 739550 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 3098013 | 5695170 | 8793183 | 4952622 | 3840561 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 0 | 13780000 | 13780000 | 10870843 | - |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | 0 | 5349000 | 5349000 | 4144987 | - |
| സമ്പൂർണ്ണ ശുചിത്വം | 944369 | 0 | 944369 | 0 | 944369 |
| ടി.എസ്.പി. – കേന്ദ്ര ധന സഹായം | 750219 | 0 | 750219 | 0 | 750219 |
| സാക്ഷരത | 75234 | 2051 | 77285 | 0 | 77285 |
| ശുചിത്വ മിഷൻ | 3509829 | 1769917 | 5279746 | 1769917 | 3509829 |
| ഐ.സി.ഡി.എസ്. | 762338 | 805092 | 1567430 | 585546 | 981884 |
| ശബരിമല ഗ്രാന്റ് | 0 | 660000 | 660000 | 660000 | 0 |
| ഹെൽത്ത് ഗ്രാന്റ് – പ്രത്യേക പദ്ധതികൾ | 0 | 187069 | 187069 | 20550 | 166519 |
| ഹെൽത്ത് ഗ്രാന്റ് – അടിസ്ഥാന വികസനം | 0 | 324757 | 324757 | 16744 | 308013 |
| മറ്റ് ഗ്രാന്റുകൾ (320100152) | 3643 | 0 | 3643 | 0 | 3643 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (320200399) | 4124 | 500000 | 504124 | 0 | 504124 |
| ടോട്ടൽ സാനിറ്റേഷൻ (320300103) | 0 | 33000 | 33000 | 0 | 33000 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (320300199) | 570000 | 70000 | 640000 | 0 | 640000 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (320400199) | 2319 | 0 | 2319 | 0 | 2319 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (320800199) | 4630 | 0 | 4630 | 0 | 4630 |

### 1-3-1 സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്തത്

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റെസിപ്റ്റ് & പേയ്മെന്റ്) വരവ്-ചെലവ് വിവരങ്ങൾ ചേർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | സർക്കാർ ഉത്തരവ് നം. | അങ്കണവാടി ഹോണറേറിയം കുറവ് ചെയ്തത് (₹) | ലൈഫ് ലോൺ ഇനത്തിൽ കുറവ് ചെയ്തത് (₹) |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | സ.ഉ.(സാധാ) നം.1049/2023 ധന./13.2.23 | 525600 | 1314623 |
| | സ.ഉ.(സാധാ) നം.6872/2022/ ധന./12.10.22 | 525600 | 1314623 |
| വികസനഫണ്ട് (SCP) | സ.ഉ.(സാധാ)നം.6872/2022/ ധന./12.10.22 | 0 | 265956 |
| വികസനഫണ്ട് (TSP) | സ.ഉ.(സാധാ) നം.6872/2022/ ധന./12.10.22 | 0 | 301548 |

### 1-3-2 സംരക്ഷണ ഗ്രാന്റ് നിശ്ചിത ചെലവ് പരിധി കടക്കാതിരുന്നതിനാൽ തുക ലാപ്സായി

15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2022-23 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ.

ആയതിനാൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹2,87,370/- ലാപ്സായി.

| ഇനം | അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് ശതമാനം | അടുത്ത വർഷം ക്യാരി ഓവർ ലഭിക്കുന്നത് (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് - റോഡ് | 13780000 | 10870843 | 2909157 | 78.88 | 2756000 | 153157 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 5349000 | 4144987 | 1204013 | 77.49 | 1069800 | 134213 |
| | | | | | ആകെ | 287370 |

1-4 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 220 | 121055741 | 183 | 51024403 | 29 | 37 | 83.18 |

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ ₹ | ചെലവ് ₹ |
|---|---|---|---|---|
| കൃഷി ഓഫീസർ | 08 | 07 | 3671333 | 1552383 |
| വെറ്ററിനറി സർജൻ | 08 | 08 | 2485000 | 2483474 |
| MO(PHC) | 08 | 08 | 1636705 | 1096170 |
| MO(HOM) | 04 | 04 | 291082 | 291082 |
| MO(ISM) | 02 | 02 | 1580000 | 1208132 |
| VEO | 24 | 22 | 57021937 | 6110629 |
| ICDS | 13 | 13 | 6591747 | 4160330 |
| Secretary | 53 | 44 | 17514654 | 14211739 |
| DFI | 01 | 01 | 800000 | 800000 |
| ഹെഡ്മാസ്റ്റർ GLPS | 01 | 01 | 45000 | 44964 |
| AE, LSGD | 90 | 66 | 28184783 | 17948013 |
| അസിസ്റ്റന്റ് സെക്രട്ടറി | 08 | 07 | 1233500 | 1117487 |
| ആകെ | 220 | 183 | 121055741 | 51024403 |

. പ്രോജക്ട് നം. S024/23, S025/23 എന്നീ പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തിന് ശേഷം വെറ്റിംഗ് ഓഫീസർക്ക് സൂക്ഷ്മ പരിശോധന അംഗീകാര നടപടികൾക്കായി സമർപ്പിച്ചിരുന്നുവെങ്കിലും അത് യഥാവിധി പൂർത്തീകരിക്കുന്നതിൽ വീഴ്ച വന്നതിനാൽ സുലേഖയിൽ ചെലവ് രേഖപ്പെടുത്തപ്പെട്ടെങ്കിലും ഹാർഡ് കോപ്പിയിൽ അവയുടെ ചെലവ് ഒഴിവായാണ് കണക്കുകളിൽ പ്രതിഫലിക്കുന്നത്.

പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ

| ഇനം | തീരുമാന നം./തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 20.05.2022, 31.0.2022, 13.06.2022 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 28.05.2022 - 30.05.2022 |

| | |
|---|---|
| വികസന സെമിനാർ | 13.06.2022 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം | 677/2022/DPC/DPO/IDK തീ. 06.03.2023 |

സർക്കാരിന്റെയും ഗ്രാമപഞ്ചായത്തിന്റെയും സാമ്പത്തിക പ്രതിസന്ധി വാർഷിക പദ്ധതി നിർവഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. യഥാസമയം ഫണ്ടുകൾ അലോട്ടുചെയ്ത് ലഭിക്കാതിരുന്നതും, ലഭ്യമായ തുക പിൻവലിക്കുന്നതിലുണ്ടായ ട്രഷറി നിയന്ത്രണവും പദ്ധതി പ്രവർത്തനത്തെ ഏറെ സങ്കീർണമാക്കി. തുച്ഛമായ തനതു ഫണ്ട് നീക്കിയിരിപ്പ് മാത്രം കൈമുതലായുള്ള പഞ്ചായത്ത് സർക്കാർ അനുവദിക്കുന്ന ഗ്രാന്റുകൾ മാത്രം ആശ്രയിച്ചാണ് പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. മുൻ സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ക്യൂ-ബില്ലായി ഉൾപ്പെട്ടുപോയ തുകകൾ നടപ്പ് വർഷത്തെ അലോട്ടുമെന്റിൽ നിന്ന് പിൻവലിക്കേണ്ടി വന്നിട്ടുള്ളത് പദ്ധതി പ്രവർത്തനത്തെ ദോഷകരമായ ബാധിക്കുന്ന സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്.

ബി) <u>ഓഡിറ്റ് വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.</u>

- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രമം നടത്തിയിട്ടുണ്ട്.
- സേവന മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളിലൂടെ ഭവന പദ്ധതി, വൃദ്ധർക്ക് കട്ടിൽ, വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, സ്കോളർഷിപ്പ് എന്നിവ നടപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്. എന്നാൽ വൃദ്ധർക്ക് വാങ്ങിയ കട്ടിലുകൾ ഇനിയും വിതരണം ചെയ്യാൻ അവശേഷിക്കുന്നു.
- പശ്ചാത്തല മേഖലയിൽ 24 റോഡുകളിലെ വിവിധ റീച്ചുകളുടെ കോൺക്രീറ്റിംഗ്, റീ-ടാറിംഗ്, ജോലികൾ പൂർത്തിയാക്കി. അംഗൻവാടികൾ, സാംസ്കാരിക നിലയം, ഗ്രാമപഞ്ചായത്ത് കാര്യാലയം തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾക്കായി 14 പ്രോജക്ടുകൾ നടപ്പാക്കി.
- പ്രായോഗികത പരിഗണിയ്ക്കാതെ നടപ്പാക്കിയ ജൈവ പച്ചത്തുരുത്ത്, ശലഭോദ്യാനം പോലുള്ള പ്രോജക്ടുകൾ തികഞ്ഞ പരാജയമായി.
- സെക്രട്ടറി നടപ്പാക്കിയ വാങ്ങൽ പ്രോജക്ടുകളുടെ ബില്ലിൽ നിന്ന് ചരക്ക്-സേവന നികുതി ഈടാക്കിയില്ല.
- ഖരമാലിന്യ നീക്കത്തിന് വാങ്ങിയ ഇ-ഓട്ടോറിക്ഷ തുടക്കത്തിലേ തകരാറിലായതിനാൽ ലക്ഷ്യം കൈവരിച്ചില്ല.
- യൂത്ത് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം, പഞ്ചായത്ത്തല കായിക ടീം രൂപീകരണം തുടങ്ങിയ പ്രോജക്ടുകളുടെ നിർവഹണത്തിൽ പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല.

അപാകങ്ങൾ പരിഹരിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമവും ജനോപകാരപ്രദവുമായി നടപ്പാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. വിവിധ സമിതികളുടെ അടിയന്തിര ശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-5 സാമൂഹ്യ സുരക്ഷാ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ |
|---|---|---|

| | ₹ | എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1126800 | 108 |
| വിധവ പെൻഷൻ | 5075400 | 456 |
| വാർദ്ധക്യകാല പെൻഷൻ | 23088600 | 1992 |
| വികലാംഗ പെൻഷൻ | 1696400 | 151 |
| അൻപത് വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 333800 | 34 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1841 | 20,34,609 | 20,36,450 | 20,36,450 | 0 |
| *ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നതും മെറ്റീരിയൽ പർച്ചേസും | 0 | 3,84,15,391 | 3,84,15,391 | 3,84,15,391 | 0 |

*ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നതും മെറ്റീരിയൽ പർച്ചേസും ഇനത്തിലെ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/27-07-2023) മറുപടി ലഭ്യമാക്കിയില്ല. എൻ.ആർ.ഇ.ജി.എ. ഓഫീസിൽ നിന്നും ലഭ്യമാക്കിയ കണക്കുകളാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.07.2023ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹26,595/- (ഇരുപത്തിയാറായിരത്തിഅഞ്ഞൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.

2. മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, വായ്പ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

3. അതത് മാസങ്ങളിലെ വരവ്-ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.

4. ILGMS സോഫ്റ്റ് വെയറിലൂടെയുള്ള ഭരണ നിർവഹണത്തിൽ പുരോഗതിയുണ്ട്.

5. തനത് വരുമാന സ്രോതസുകൾ പരിമിതമായതിനാൽ സർക്കാർ ഗ്രാന്റിനെ ദൈനംദിന ചെലവുകൾ നടത്തുന്നതിനായി ആശ്രയിക്കുന്നു. മുൻവർഷത്തെ കണക്കുകളെ ആസ്പദമാക്കി വിടവ് നികത്തൽ ഫണ്ടായി 25 ലക്ഷം രൂപ ലഭിച്ചതിനാലാണ് തൻവർഷത്തെ റവന്യൂ ചെലവുകൾ തടസ്സമില്ലാതെ നടന്നത്. എന്നാൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി അംഗീകാരമില്ലാതെ പ്രോജക്ട് നടപ്പാക്കാൻ ശ്രമിച്ചത് വഴിയുണ്ടായ വൻ സാമ്പത്തിക ബാധ്യത ഗ്രാമപഞ്ചായത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിക്കുവാനുള്ള സാധ്യതകൾ നിലനിൽക്കുന്നു.

6. വസ്തുനികുതി ഒഴികെയുള്ള പ്രധാന റവന്യൂ ഡിമാന്റ് തുകകൾ പൂർണമായും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

7. വരവുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

8. വാഹനത്തിന്റെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കുന്നുണ്ട്. ലോഗ് ബുക്കിൽ ഇന്ധനം നിറയ്ക്കൽ, ഉപഭോഗം, പ്രതിമാസ ക്ലോസിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തുന്നു.

9. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

10. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ട ഓഡിറ്റ് അദാലത്തിനോട് ക്രിയാത്മകമായി പ്രതികരിച്ചതിനാൽ മുൻ വർഷങ്ങളിലെ ബഹു ഭൂരിപക്ഷം ഓഡിറ്റ് പരാമർശങ്ങളും തീർപ്പാക്കാൻ കഴിഞ്ഞു.

11. വാർഷിക പദ്ധതി നിർവഹണത്തിൽ പുരോഗതിയുണ്ട്. ആകെയുള്ള 220 പ്രോജക്ടുകളിൽ 183 എണ്ണം നടപ്പാക്കാൻ കഴിഞ്ഞു.

12. നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞു.

13. വാങ്ങലുകളിൽ ഒട്ടേറെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.

14. സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

അഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-9 മാന്വൽ രസീത് ബുക്ക് വിതരണത്തിലും സൂക്ഷിപ്പിലുമുള്ള അപാകങ്ങൾ

തൻവർഷം പിരിവ് വിഭാഗം ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും അനുവദിച്ച രസീത് ബുക്കുകളുടെ വിതരണം, സൂക്ഷിപ്പ് എന്നിവയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണോദ്യോഗസ്ഥർക്കും വിതരണം ചെയ്യുന്ന എല്ലാ രസീത് ബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്, കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റെ പേര് എന്നിവ രേഖപ്പെടുത്തി സെക്രട്ടറി

സാക്ഷ്യപ്പെടുത്തുന്നില്ല ( ഉദാ. ബുക്ക് നം.9568, 9573, 25231).

2) വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ റദ്ദ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല (ഉദാ. ബുക്ക് നം. 9567, 9575, 25233).

3) നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല (ഉദാ. ബുക്ക് നം. 9569, 9574, 25236).

മേൽ സൂചിപ്പിച്ച അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1- 10 തനത് വരുമാനം പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ഓൺലൈനായി ഒടുക്കുന്ന നികുതി/നികുതിയേതര വരുമാനം സൂക്ഷിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് എസ്.ബി.ഐ., പെരുവന്താനം ശാഖയിലും, ഇ-പോസ് മെഷീൻ വഴി അടവാക്കുന്ന തുക സൂക്ഷിക്കുന്നതിനായി സൗത്ത് ഇന്ത്യൻ ബാങ്ക്, മുണ്ടക്കയം ശാഖയിലും ഓരോ അക്കൗണ്ടുകൾ പരിപാലിക്കുന്നുണ്ട്. ഇവ കറണ്ട് അക്കൗണ്ടുകളായതിനാൽ പലിശ ഇനത്തിലുള്ള വരുമാനം ലഭിക്കുന്നില്ല. 30.06.2023 വരെയുള്ള പാസ്സ് ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം എസ്.ബി.ഐ, പെരുവന്താനം ശാഖയിലെ അക്കൗണ്ടിൽ ₹4,61,708/-യും സൌത്ത് ഇന്ത്യൻ ബാങ്ക്- മുണ്ടക്കയം ശാഖയിലെ അക്കൗണ്ടിൽ ₹8,70,032/-യും അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഇത്തരത്തിൽ കറന്റ് അക്കൗണ്ടുകളിൽ സൂക്ഷിച്ചത് വഴി ഗണ്യമായ തുക പലിശയിനത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട്. പ്രസ്തുത നീക്കിയിരിപ്പ് അടിയന്തിരമായി പിൻവലിച്ച് തനത് ഫണ്ടിനുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ സ്ഥിര നിക്ഷേപമാക്കി മാറ്റുകയോ ചെയ്ത് പലിശ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

1-11 ഇ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കിയിരുന്നത്. പ്രസ്തുത തുക അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി, ഇതിനോടകം ഒടുക്കിയ തുകകളുടെ കണക്കുകൾ തേടുകയും വിതരണ ചുമതല അതത് സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർമാരെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിന് ഇത്തരത്തിൽ തുകയൊന്നും ലഭിച്ചതായി രേഖ സൂക്ഷിച്ചിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ച് അതിൽ ടെൻഡർ ഫോം വില സ്വീകരിക്കുവാൻ അനുവാദമുണ്ടെങ്കിലും തൻവർഷവും പ്രസ്തുത തുകകൾ എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തത്. 08 പ്രോജക്ടുകളുടെ ഫീസായി ഇത്തരത്തിൽ ₹31,715/- തൻവർഷം ഒടുക്കി.

ഗ്രാമപഞ്ചായത്ത് നാളിതുവരെ ഇ-ടെൻഡർ ഫീസിനത്തിൽ ഒടുക്കിയ തുകകളുടെ കൃത്യമായ കണക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ഡിവിഷൻ എക്സി. എൻജിനിയർക്ക് സമർപ്പിച്ച് അത് അനുവദിച്ച് കിട്ടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-12 തിരികെ ലഭിച്ച പദ്ധതി വിഹിതം തനത് ഫണ്ടിന്റെ ഭാഗമാക്കി

വിവിധ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതികൾക്ക് വേണ്ടി ജല അതോറിറ്റിയിൽ ഒടുക്കിയ തുകയിൽ നിന്ന് പദ്ധതി പൂർത്തീകരണ ശേഷം ബാക്കി വന്ന ₹80,081/- ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ട്. ചെക്ക് നം.488982/തീ. 14.11.2022 പ്രകാരം ലഭ്യമായ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തത്. വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ അനുവദിച്ച ഫണ്ട് തനത് ഫണ്ടിന്റെ ഭാഗമാക്കിയ നടപടി ക്രമപ്രകാരമുള്ളതല്ല. സാമ്പത്തിക വർഷം അവസാനിച്ച ശേഷം തിരിച്ചടക്കുന്ന വികസനഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ (ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ.(പി)177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10 കാണുക). പ്രസ്തുത തുക "*3604-00-911*-അധിക ചെലവ് വസൂലാക്കലുകൾ" എന്ന് കണക്ക് ശീർഷകത്തിൽ സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

1-13 തനത് വിഭവ സമാഹരണം - അവലോകനം

പെരുവന്താനം ഗ്രാമപഞ്ചായത്തിന് വളരെ പരിമിതമായ തനത് വരുമാന സ്രോതസ്സുകൾ മാത്രമാണുള്ളത്. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വാടക തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റുകൾക്ക് പുറമെയുള്ള വരുമാന മാർഗങ്ങൾ. തനത് വിഭവ സ്രോതസുകളുടെ സമാഹരണം, അവയുടെ വികസനത്തിനായി ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിലും സ്വീകരിച്ച നടപടികളുടെ കാര്യക്ഷമത, അതിലൂടെ സിദ്ധിച്ച നേട്ടങ്ങൾ, അധികമായി നടപ്പിൽ വരുത്തേണ്ട കാര്യങ്ങൾ തുടങ്ങിയ വിഷയങ്ങൾ പൊതുവായി വിലയിരുത്തി തയ്യാറാക്കിയ അവലോകനം ചുവടെ ചേർക്കുന്നു.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ നികുതി പിരിവിന്റെ പുരോഗതി സംബന്ധിച്ച് അവലോകനം നടത്തുകയും ക്യാമ്പ് കളക്ഷൻ നടത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഭരണ സമിതിക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ അത് വർദ്ധിപ്പിക്കുന്നതിലേക്ക് ആവശ്യമായ മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗങ്ങൾ ഭരണ സമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

വിവിധ വരവിനങ്ങൾ

1) വസ്തു നികുതി

എ) ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളാണുള്ളത്. വസ്തു നികുതിയാണ് പഞ്ചായത്തിലെ പ്രധാന വരുമാനം. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലിരിക്കുന്ന അടിസ്ഥാന നികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത കൂടിയതും കുറഞ്ഞതുമായ പരിധിയ്ക്ക് വിധേയമായി 01/04/2011 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഓരോ 5 വർഷ കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷ കാലയളവിൽ ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ വിജ്ഞാപനം ചെയ്യേണ്ടതാണ്. 05/04/2023-ലെ സ.ഉ.(അച്ചടി) 75/2023/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നികുതി നിരക്കുകൾ നിശ്ചയിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതിയുടെ 31.05.2023-ലെ 2(1) മുതൽ 2(5) വരെയുള്ള തീരുമാനങ്ങൾ പ്രകാരം നികുതി പരിഷ്കരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ബി) ഗ്രാമപഞ്ചായത്തിലെ ഏറ്റവും അധികം എണ്ണമുള്ള ഉപയോഗക്രമങ്ങളിൽപ്പെടുന്ന കെട്ടിടങ്ങളുടെ നികുതി നിരക്കിൽ തുച്ഛമായ വർദ്ധനവ് മാത്രമാണ് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള പട്ടികയിൽ പരാമർശിക്കുന്നത്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നത് മൂലം നികുതി വരുമാനത്തിൽ നാമമാത്രമായ വർദ്ധനവ് മാത്രമേ ഉണ്ടാകുകയുള്ളൂ. മറ്റിനങ്ങളിലുള്ള തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള സാഹചര്യം കുറവായ ഗ്രാമ പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ കൈവരിക്കാമായിരുന്ന വരുമാന വർദ്ധന ഇതുമൂലം ഇല്ലാതാകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ തീരുമാനം പുന:പരിശോധിക്കുന്നത് സംബന്ധിച്ച് ഭരണ സമിതി ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

സി) നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നടപടി ക്രമങ്ങൾ കൂടി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

- ഭൂപ്രദേശങ്ങളെ മേഖലകളായി തിരിച്ചും, വിവിധ റോഡുകൾ തരം തിരിച്ചും താല്ക്കാലികമായി നിശ്ചയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് പരിഷ്കരിച്ച വസ്തുനികുതി നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തി ഈടാക്കേണ്ടതാണ്.
- കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തുനികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.
- നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ച് നീക്കുന്നത് വരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതുമാണ്.

- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധനയിലൂടെ കൃത്യമാക്കേണ്ടതാണ്. ആയതിനെ അടിസ്ഥാനമാക്കി നികുതി നിർണ്ണയിക്കപ്പെടാത്തതോ തറ വിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.
- സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇത് സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.
- ഓഡിറ്റ് വർഷം അസസ്മെന്റ് നടത്തിയ വലിയ കെട്ടിടമായി പെർമിറ്റ് എടുത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് തറ വിസ്തീർണ്ണം വിഭജിച്ച് കെട്ടിട നമ്പർ നൽകി നികുതി കുറവായി ഈടാക്കിയിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 1-14ൽ ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.

ഡി) തദ്ദേശ സ്വയം ഭരണ(ആർ.സി.) വകുപ്പിന്റെ 22-03-2023ലെ സ.ഉ.(കൈ)നം. 77/2023/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം ഓരോ കെട്ടിടത്തിന്റെയും തരം അനുസരിച്ചുള്ള പുതുക്കിയ വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങളുടെ സർവ്വേ നടപടികൾ പൂർത്തിയായിട്ടില്ല. ഇതിന് നിയോഗിക്കേണ്ട ആളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭദശയിലാണ്. സർവ്വേ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. വസ്തു നികുതി പരിഷ്കാരവുമായി ബന്ധപ്പെട്ട് നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് കൊണ്ടുള്ള 9A ഫോമും പഞ്ചായത്തിന്റെ അനുവാദം കൂടാതെ നടത്തിയിട്ടുള്ള നിർമ്മാണം റിപ്പോർട്ട് ചെയ്യുന്നതിനുള്ള 9B ഫോമും സോഫ്റ്റ് വെയറിൽ ലഭ്യമായിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

2) തൊഴിൽ നികുതി

തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ പൊതുവേ കുറവായ ഗ്രാമപ്പഞ്ചായത്തിൽ ബാങ്കുകൾ, സ്കൂളുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയാണ് തൊഴിൽനികുതി ഡിമാന്റിൽ മുഖ്യമായും ഉൾപ്പെടുന്നത്. അത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് പരമാവധി നികുതി ഈടാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിൽ തൊഴിൽനികുതി ഈടാക്കിയിരുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൻവർഷം നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-15ൽ ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക. തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി ഡിമാൻഡ് നോട്ടീസ് നൽകേണ്ടതും നികുതി പിരിവിൽ നിന്ന് ആരും ഒഴിവാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

3) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

വൻകിട വ്യാപാര-വ്യവസായശാലകളൊന്നും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. തൻവർഷം 182 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019ലെ (സി. എസ്.)എ9-764/2019 നമ്പർ ഉത്തരവ് അനുസരിച്ച് റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസിൽ നിന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് തൻവർഷം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളതായി രേഖകളില്ല.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ തദ്ദേശ ഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

4) സേവന ഉപനികുതി

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്ക് (ജല വിതരണം, ശുചിത്വ പരിപാലനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ്) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ അത്തരം സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം സേവന നികുതി ഈടാക്കുന്നില്ല. പരാമർശിത സേവനങ്ങൾ പൊതുജനങ്ങൾക്കായി ആവശ്യാനുസരണം ലഭ്യമാക്കി സേവന ഉപനികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ഭരണ സമിതിക്ക് ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ പരമാവധി ചൂഷണം ചെയ്യാൻ പര്യാപ്തമായ രീതിയിൽ നടപടികൾ ഏകോപിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ സജീവ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-14 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ അവ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ 7-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഇനങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന്

നിഷ്കർഷിച്ചിരിക്കുന്നു. ഇത് പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചാലും 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും 2022-23 വർഷത്തെ സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടതുമായ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറഞ്ഞ നിരക്കിലാണ് നിർണയിച്ചിരിക്കുന്നത്.

അടിസ്ഥാന വസ്തു നികുതി നിരക്ക് -

(വാണിജ്യാവശ്യത്തിനുള്ളവ ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ)

100 ച.മീ. വരെ വിസ്തീർണ്ണമുള്ളവ - ₹50/-,

100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ളവ - ₹60/-

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് ₹ | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് (₹) |
|---|---|---|---|---|---|
| 1 | പി. റ്റി. വിശ്വനാഥൻ, പെരുമാലിൽ, മുപ്പത്തിയഞ്ചാംമൈൽ, മുണ്ടക്കയം ഈസ്റ്റ് പി. ഒ. | 9/19 A | 29.07 ച. മീ | 50 | 60 |
| | | 9/19 B | 10.24 ച. മീ | | |
| | | 9/19 D | 40.36 ച. മീ | | |
| | | 9/19 E | 76.21 ച. മീ | | |
| | ആകെ | | 155.88 ച. മീ | | |
| 2 | ലല്ല മെഹബൂബ് സഞ്ജീർ വീട്ടിൽ, നെല്ലിപ്പള്ളി, നെല്ലിപ്പള്ളി പി. ഒ. | 14/541 | 23.49 ച. മീ | 50 | 60 |
| | | 14/542 | 23.49 ച. മീ | | |
| | | 14/543 | 23.49 ച. മീ | | |
| | | 14/546 | 23.49 ച. മീ | | |
| | | 14/547 | 23.49 ച. മീ | | |
| | | 14/548 | 23.49 ച. മീ | | |
| | ആകെ | | 140.94 ച. മീ | | |

ഇപ്രകാരം കുറവായി നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/തീ. 25.07.2023) സമർപ്പിച്ച മറുപടിയിൽ, പ്രസ്തുത കെട്ടിടങ്ങളുടെ ഉപയോഗക്രമം കൃത്യമാക്കി അടിസ്ഥാന വസ്തുനികുതി നിരക്ക് ₹60/-യാക്കി 27.07.2023ൽ പുനർ നിർണ്ണയിച്ചതായി രേഖകൾ സഹിതം സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത നടപടി അംഗീകരിക്കുന്നു. തുക ഡിമാന്റിൽ ഉൾപ്പെടുത്തി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും അടിസ്ഥാന വസ്തുനികുതി നിർണ്ണയിക്കുന്നതിൽ അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

1-15 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | പി. എം. എ. പബ്ലിക്ക് സ്കൂൾ, പെരുവന്താനം | രണ്ടാം അർദ്ധവർഷം |
| 2 | റ്റി. ആർ. & റ്റി. ലോവർ പ്രൈമറി സ്കൂൾ, മുണ്ടക്കയം | രണ്ടാം അർദ്ധവർഷം |
| 3 | റ്റി. ആർ. & റ്റി. കമ്പനി ലിമിറ്റഡ്, കുപ്പക്കയം എസ്റ്റേറ്റ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | റ്റി. ആർ. & റ്റി. കമ്പനി ലിമിറ്റഡ്, മണിക്കൽ എസ്റ്റേറ്റ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-16 കരാറുകാരുടെ നിരതദ്രവ്യം - തിരികെ നൽകിയ തുക നീക്കിയിരിപ്പിൽ കുറവ് ചെയ്തില്ല

വാർഷിക ധനകാര്യ പത്രികയുടെ ബി-7 പത്രിക അനുസരിച്ച് കരാറുകാരുടെ നിരതദ്രവ്യം ഇനത്തിൽ ₹43,234/- അവശേഷിക്കുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിലും പ്രസ്തുത തുക തന്നെയാണ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത്. വിശദ പരിശോധനയിൽ, ചെക്ക് നമ്പർ 42419/09.02.2022 പ്രകാരം തിരികെ നൽകിയ ₹2,250/- കുറവ് ചെയ്യാതെയാണ് ഈയിനത്തിലെ നീക്കിയിരിപ്പ് തുക രേഖപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമായിട്ടുണ്ട്. തൻവർഷം ഈയിനത്തിൽ ₹2,100/- മാത്രമാണ് വരവുള്ളത്. തിരികെ നൽകിയ തുക നീക്കിയിരിപ്പിൽ നിന്ന് കുറവ് ചെയ്ത് രേഖപ്പെടുത്തലുകൾ കൃത്യമാക്കേണ്ടതാണ്.

1- 17 ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ അവശേഷിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം ഇലക്ഷൻ നിക്ഷേപം ഇനത്തിൽ ₹41,500/- അവശേഷിക്കുന്നുണ്ട്. ഇതിനോടകം കാലഹരണപ്പെട്ട നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 അനധികൃത നിർമ്മാണം ഒഴിപ്പിക്കൽ - ചെലവ് തുക കൈയ്യേറ്റക്കാരനിൽ നിന്ന് ഈടാക്കിയില്ല

വള്ളിയാങ്കാവ് ക്ഷേത്രത്തിന് മുൻവശത്ത് അനധികൃതമായി പ്രവർത്തിച്ച് വന്നിരുന്ന കടകൾ ബഹു. ഓംബുട്സ്മാന്റെ ഉത്തരവ് പ്രകാരം ഒഴിഞ്ഞുപോകാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സ്വമേധയാ ഒഴിഞ്ഞു പോകാതിരുന്ന ശ്രീ. പി. എൻ. പ്രമോദിന്റെ അനധികൃത കട ഉത്തരവ് പാലിയ്ക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അധികൃതർ പൊളിച്ച് നീക്കുകയുണ്ടായി. അതിനായി തനത് ഫണ്ടിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം. & തീയതി | തുക (₹) | ചെലവ് വിവരം |
|---|---|---|
| 22200053/തീ. 26.03.2022 | 3960 | കൂലിച്ചെലവ് |
| 22200054/തീ. 26.03.2022 | 3492 | വാഹനവാടക |
| 22200056/തീ. 26.03.2022 | 4000 | വാഹനവാടക |
| 22200009/തീ. 26.03.2022 | 9500 | ഹിറ്റാച്ചിയുടെ വാടക |
| ആകെ | 20950 | |

ഒഴിപ്പിക്കലിന് ചെലവായ തുക കെട്ടിട ഉടമയിൽ നിന്നും ഈടാക്കി തനത്ഫണ്ടിൽ ഒടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി 28.06.2022-ലെ 6(1) നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. ഈ വിഷയത്തിലെ തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-19 തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ പ്രൊജക്ട് അസിസ്റ്റന്റ്, ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരുടെ ശമ്പളത്തിനായി വാർഷിക പദ്ധതിയിൽ പ്രത്യേക പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നു (നം. എസ്.034/23, എസ്.001/23). 12 മാസത്തെ ശമ്പളം, ആർജിതാവധി സറണ്ടർ എന്നിവ ഉൾപ്പെടെയുള്ള തുകയാണ് പ്രോജക്ടുകളിൽ വക കൊള്ളിച്ചിരുന്നത്. പുതിയ പഞ്ചവത്സര പദ്ധതിയുടെ ആരംഭ വർഷമായതിനാൽ പ്രൊജക്ടുകളുടെ അംഗീകാര നടപടികളിൽ കാലതാമസം നേരിടുകയും ആദ്യമാസത്തെ ശമ്പളം തനത്ഫണ്ടിൽ നിന്ന് വഹിക്കേണ്ടിയും വന്നു. പിന്നീടുള്ള മാസങ്ങളിൽ പദ്ധതി വിഹിതത്തിൽ നിന്നാണ് തുകകൾ ചെലവഴിച്ചത്. ആദ്യമാസത്തെ തുകയ്ക്ക് ആനുപാതിക തുക പ്രോജക്ടിൽ വകയിരുത്തിയിരുന്നുവെങ്കിലും അത് പിൻവലിച്ച് തനത് ഫണ്ടിൽ തിരികെ ക്രമീകരിക്കുന്നതിൽ വീഴ്ച വന്നു. സാമ്പത്തിക നില ഏറെ ദുർബലമായിരിക്കെ മുൻകൂർ തുക തനത്ഫണ്ടിലേക്ക് തിരികെ ക്രമീകരിക്കാൻ സാധ്യതയുണ്ടായിരുന്നിട്ടും അത് നഷ്ടപ്പെടുത്തിയ നടപടി ക്രമപ്രകാരമുള്ളതല്ല. തനത്ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിക്കുന്ന തുകൾ പദ്ധതി വിഹിതത്തിൽ നിന്ന് യഥാവിധി ക്രമീകരിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ വരും വർഷങ്ങളിൽ പ്രത്യേക നിഷ്കർഷ ഉണ്ടാകേണ്ടതാണ്.

1-20 യു.പി. സ്കൂളിൽ ശലഭ പാർക്ക് - ശാസ്ത്രീയ പഠനം കൂടാതെ പ്രോജക്ടിന് തുക ചെലവഴിച്ചു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം, പേര് | എസ്. 247/23, ഗവ. യു. പി. സ്കൂളിൽ ശലഭ പാർക്ക് |
| വകയിരുത്തിയ തുക | ₹24000/- (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | ₹24000/- |

പെരുവന്താനം ഗവ. യു. പി. സ്കൂളിൽ ശലഭ പാർക്ക് സ്ഥാപിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച പ്രസ്തുത പദ്ധതി പ്രകാരം KAICO-യിൽ നിന്നും ചുവടെ ചേർക്കുന്ന തൈകൾ വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം/നിരക്ക് | എണ്ണം | തുക (₹) | ബിൽ വിവരം |
|---|---|---|---|
| അശോകം/70 | 25 | 1750 | |
| അരളി/70 | 25 | 1750 | BRN2210025201101523573/27.03.2023 |
| മന്ദാരം/70 | 25 | 1750 | |

| | | |
|---|---|---|
| ചെമ്പകം/70 | 25 | 1750 |
| പ്ലാവ്/75 | 100 | 7500 |
| മാവ്/75 | 100 | 7500 |
| നെല്ലി/200 | 200 | 10 |
| ആകെ | | 24000 |

ഔഷധ സസ്യങ്ങൾ, ഫല വൃക്ഷങ്ങൾ എന്നിവ വാങ്ങി തൊഴിലുറപ്പ് പദ്ധതിയിലൂടെ നട്ട് സംരക്ഷിക്കുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. തൈകൾക്ക് വേണ്ടി വില നൽകിയതിന്റെ വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. തൈകൾ ലഭ്യമായതിന്റെയോ, അവ സ്റ്റോക്കിൽ ചേർത്തതിന്റെയോ വിവരങ്ങൾ ലഭ്യമായിട്ടില്ല. വാങ്ങിയതായി സൂചിപ്പിച്ചിട്ടുള്ള തൈകളൊന്നും സ്കൂൾ വളപ്പിൽ നട്ടിട്ടില്ലായെന്ന് പ്രസ്തുത പ്രോജക്ടിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നതിന് ഗവ. യു. പി. സ്കൂളിൽ ഹെഡ്മാസ്റ്ററുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ സ്ഥിരീകരിച്ചിട്ടുണ്ട്.

സ്കൂളിന് ഏകദേശം ഒന്നരയേക്കർ സ്ഥലം സ്വന്തമായുണ്ടെങ്കിലും അത് ചെങ്കുത്തായ ഒരു കുന്നിൻ ചെരുവിൽ തട്ടുതട്ടായാണ് സ്ഥിതി ചെയ്യുന്നത്. സ്കൂൾ കെട്ടിടങ്ങൾക്ക് പുറമെ വളരെ കുറച്ച് സ്ഥലം മാത്രമാണ് കുട്ടികൾക്ക് പ്രാപ്യമായ അവസ്ഥയിൽ ഉദ്യാന നിർമാണത്തിന് അനുയോജ്യമായുള്ളത്. ശലഭങ്ങളെ ആകർഷിക്കുന്നതിനും അവയുടെ ജൈവ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും പര്യാപ്തമായ ചെടി വർഗ്ഗങ്ങൾ ചെത്തി, കൊങ്ങിണി, മുസാണ്ട, കൃഷ്ണ കിരീടം, ലന്റാന, നാരകം, കറുവ, തകര തുടങ്ങിയവയാണ്. എന്നാൽ ആ ഗണത്തിൽപ്പെട്ട ഒരു ചെടി പോലും വാങ്ങാതെ വൻമരങ്ങളായി വളരുന്ന മാവ്, പ്ലാവ്, നെല്ലി, ചെമ്പകം, അശോകം തുടങ്ങിയവയുടെ തൈകളും അരളിയുമാണ് വാങ്ങിയിട്ടുള്ളത്. വാങ്ങിയ തൈകളുടെ എണ്ണവും പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. പ്ലാവിന്റെയും മാവിന്റെയും നൂറു വീതം തൈകളും നെല്ലിയുടെ ഇരുന്നൂറ് തൈകളുമാണ് വാങ്ങിയത്. ബാക്കിയുള്ളവ ഇരുപത്തഞ്ചെണ്ണം വീതവും. ഇത്രയും തൈകൾ നടുന്നതിനുള്ള സ്ഥല വിസ്തൃതി സ്കൂൾ വളപ്പിനില്ല. കൂടാതെ ശലഭങ്ങളെ ആകർഷിക്കുന്ന രീതിയിൽ പുഷ്പിക്കുന്ന മരമല്ല, നെല്ലി എന്നതും വേറിട്ട് കാണേണ്ട വസ്തുതയാണ്. ചെങ്കുത്തായ പ്രതലത്തിൽ ഇവ നട്ട് പിടിപ്പിച്ചാൽ കാലക്രമേണ സ്കൂൾ കെട്ടിടത്തിനും, കുട്ടികൾക്കും, അധ്യാപകർക്കും നിത്യ ഭീഷണിയായി തീരുന്നതുമാണ്. ശലഭോദ്യാന നിർമാണം സംബന്ധിച്ച് യാതൊരു ശാസ്ത്രീയ പഠനവും നടത്താതെയാണ് ഇത്തരം വൻമരങ്ങളുടെ തൈകൾ വാങ്ങുന്നതിൽ ഓർഡർ നൽകിയതെന്ന് വ്യക്തമാണ്. പ്രോജക്ട് സംബന്ധിച്ച വിശദീകണത്തിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/27.07.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ശലഭങ്ങളെ ആകർഷിക്കുന്ന രീതിയിലുള്ള യാതൊരു പദ്ധതി പ്രവർത്തനവും നടന്നിട്ടില്ലാത്തതിനാൽ പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ഒരു വിധത്തിലും ഫലപ്രാപ്തിയിലെത്താത്ത (സ്കൂൾ പരിസരത്ത് സൗകര്യമില്ല, ശലഭങ്ങളെ ആകർഷിക്കാൻ പറ്റിയ ഉദ്യാന ചെടികൾക്കല്ല ഓർഡർ നൽകിയത്) പ്രോജക്ടാണ് ഇതെന്ന് വ്യക്തമാണ്. ഈ പ്രോജക്ടിന് അംഗീകാരം നൽകിയ 20.07.2022ലെ ഭരണ സമിതി യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ [(2022-23ലെ വാർഷിക പദ്ധതി അംഗീകാരം, തീരുമാനം നം. 1(1)], തൈകൾ KAICO, KFRI എന്നീ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് തീരുമാനിച്ച 27.02.2003ലെ ഭരണ സമിതി യോഗത്തിൽ

പങ്കെടുത്ത അംഗങ്ങൾ [(തീരുമാനം നം. 16(3)] എന്നിവരും, ഈ കാലയളവിൽ ചുമതല വഹിച്ചിരുന്ന കൃഷി ഓഫീസർമാരും, സെക്രട്ടറിമാരും ഈ വീഴ്ചയ്ക്ക് ഉത്തരവാദികളാണ്. തൈകൾക്ക് ഓർഡർ കൊടുത്ത KAICO-യിൽ നിന്ന് നാളിതുവരെ അവ ലഭിച്ചില്ലെങ്കിൽ തുക പലിശസഹിതം തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. തൈകൾ ലഭിച്ചുവെങ്കിൽ പ്രോജക്ടിൽ വിഭാവന ചെയ്ത പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലൂടെ നട്ട് പരിപാലിച്ചതിന്റെ റിപ്പോർട്ടും മസ്റ്റർ റോളുകളുടെ പകർപ്പും ലഭ്യമാക്കേണ്ടതാണ്. പദ്ധതിക്കായി ചെലവഴിച്ച ₹24,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നടത്തിപ്പിലെ യഥാർത്ഥ വസ്തുതകൾ വെളിവാകുന്നതിന് വിശദമായ അന്വേഷണം അനിവാര്യമാകയാൽ അത് നടത്തുന്നതിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

1-21 ജൈവ വൈവിധ്യ പച്ചത്തുരുത്ത് - പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പ്രൊജക്ടിന് വേണ്ടി (എസ്. 225/23) വികസന ഫണ്ടിൽ നിന്നും ₹1,00,000/- ചെലവഴിച്ചിട്ടുണ്ട്. മണിക്കൽ തടാകത്തിന്റെ പരിസരം മുതൽ പാലൂർക്കാവ് വരെയുള്ള പാതയുടെ ഇരു വശങ്ങളിലും ഔഷധ സസ്യങ്ങൾ, മുള, ഫലവൃക്ഷങ്ങൾ എന്നിവ സർക്കാർ/സർക്കാർ അംഗീകൃത ഫാമുകളിൽ നിന്നും വാങ്ങി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ നട്ട് പരിപാലിക്കുന്നതിനായിരുന്നു പ്രൊജക്ട് ആവിഷ്കരിച്ചത്. ആയതിന് വേണ്ടി ചുവടെ ചേർത്തിരിക്കുന്ന വൃക്ഷ തൈകൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്.

| സ്ഥാപനം | ഇനം | എണ്ണം | നിരക്ക് | ചെലവ് തുക (₹) |
|---|---|---|---|---|
| കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി<br>BRN 2210025201101524142/27-03-2023<br>₹70000/- | സ്ക്രൂ പൈൻ പ്ലാന്റ് | 600 | 50 | 30000 |
| കെയ്കോ, തിരുവല്ല<br>BRN 2210025201101523988/27-03-2023<br>₹70000/- | റംബൂട്ടാൻ | 58 | 300 | 17400 |
| | മാവ് | 70 | 250 | 17500 |
| | പ്ലാവ് | 70 | 250 | 17500 |
| | കുടംപുളി | 59 | 300 | 17700 |
| | ആകെ | | | 100000 |

പ്രോജക്ട് പ്രകാരം വൃക്ഷ തൈകൾ വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും അവ ലഭ്യമായതിന്റെയോ, സ്റ്റോക്കിൽ ചേർത്തതിന്റെയോ വിവരങ്ങൾ ലഭ്യമായിട്ടില്ല. കൂടാതെ പ്രൊജക്ടിൽ വിഭാവനം ചെയ്ത രീതിയിൽ ചെടികൾ പാതയോരങ്ങളിൽ നട്ടിട്ടില്ലായെന്ന് നേരിട്ടുള്ള പരിശോധനയിൽ സ്ഥിരീകരിച്ചിട്ടുമുണ്ട്. മണിക്കൽ തടാകം മുതൽ പാലൂർക്കാവ് വരെയുള്ള പ്രദേശം TR &T റബ്ബർ എസ്റ്റേറ്റിന്റെ ഭാഗമാണ്. അതിനാൽ തന്നെ ഒരു ചോലവനത്തിന്റെ ഭൂപ്രകൃതിയാണ് ഈ പ്രദേശത്തിനുള്ളത്. ആകയാൽ തൈകൾ വളരുന്നതിന് പര്യാപ്തമായ അളവിൽ സൂര്യപ്രകാശം ലഭിക്കാനുള്ള സാധ്യതയും പരിമിതമാണ്. കാര്യേജ്-വേ ഉൾപ്പടെ ഏതാണ്ട് അഞ്ച് മീറ്ററാണ് ഈ പ്രദേശത്ത് കൂടി കടന്നുപോകുന്ന റോഡിന്റെ ശരാശരി വീതി. വളരെ ഇടുങ്ങിയ റോഡിലൂടെ ബസ് ഗതാഗതം തന്നെ വളരെ ക്ലേശിച്ചാണ് നടത്തുന്നത്. അങ്ങനെയിരിക്കെ അതിന്റെ ഓരങ്ങളിൽ വൃക്ഷ തൈ നടുന്നത്

സുഗമമായ സഞ്ചാരത്തിന് തടസ്സമാകും. ഇതിനായി പൊതുമരാമത്ത് വകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ടുമില്ല. നൂറ് കണക്കിന് കന്നുകാലികൾ സൈ്വര വിഹാരം നടത്തുന്ന പ്രദേശം കൂടിയാണ് പച്ചത്തുരുത്ത് നിർമാണത്തിന് കണ്ടെത്തിയ സ്ഥലം. ഇവിടെ നടുന്നതിന് തെരഞ്ഞെടുത്ത പ്ലാവ് പോലുള്ള തൈകൾ കാലികളുടെ ഇഷ്ട വിഭവവും. മണിക്കൽ പത്മശ്രീ തിലകൻ സ്മാരക പാർക്കിൽ വാങ്ങി നട്ട അലങ്കാര സസ്യങ്ങളും അവിടുത്തെ നിർമിതികളും കന്നുകാലികൾ പതിവായി നശിപ്പിക്കുന്ന അവസ്ഥ നിലനിൽക്കെയാണ് ഇത്തരം തൈകൾ ഇവിടെ നടുന്നതിന് മുന്തിയ വില നൽകി വാങ്ങിയിട്ടുള്ളത്. റംബൂട്ടാൻ, കുടംപുളി പോലുള്ള തോട്ടവിളകളുടെ തൈകളും പാതയോരത്ത് നടാൻ അനുയോജ്യമല്ലെന്ന് സാമാന്യ ബോധത്തിൽ മനസ്സിലാക്കാവുന്നതാണ്.

ഒരു ലക്ഷം രൂപ മൂല്യമുള്ള തൈകൾ ഇത്രയും അളവിൽ വാങ്ങിയതായി രേഖ തയ്യാറാക്കിയെങ്കിലും തുക കൈമാറി നാല് മാസങ്ങൾക്ക് ശേഷവും (തൈ നടാൻ ഏറ്റവും അനുയോജ്യമായ കാലം കഴിഞ്ഞിട്ടും) അവ നട്ടിട്ടില്ലാത്തതിനാൽ അവയുടെ ഭൗതിക കൈമാറ്റം നടന്നിട്ടില്ലായെന്ന് അനുമാനിക്കാവുന്നതാണ്. പ്രസ്തുത പ്രദേശത്ത് ഇത്തരത്തിലുള്ള ഒരു പ്രോജക്ടിന് യാതൊരു പ്രായോഗികതയുമില്ലാതിരിക്കെ അതിനുവേണ്ടി വൻതോതിൽ ഫലവൃക്ഷ തൈകൾ വാങ്ങിയതായി രേഖ തയ്യാറാക്കി തുക ചെലവഴിച്ച നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സാധ്യത പഠനം കൂടാതെ ഇത്തരമൊരു പ്രോജക്ട് ഏറ്റെടുത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 6/തീ.27.07.2023) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടിന് പ്രായോഗികത ഇല്ലാത്തതിനാൽ ചെലവ് തുക (₹1,00,000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ഈ പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട പ്രദേശത്ത് ഒരു വിധത്തിലും നടപ്പാക്കാൻ പറ്റാത്ത പ്രോജക്ടാണ് ഇത് എന്ന് വ്യക്തമാണ്. ഈ പ്രോജക്ടിന് അംഗീകാരം നൽകിയ 20.07.2022ലെ ഭരണ സമിതി യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ [2022-23ലെ വാർഷിക പദ്ധതി അംഗീകാരം, തീരുമാന നം. 1(1)], തൈകൾ KAICO, KFAI എന്നീ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് തീരുമാനിച്ച 27.02.2023ലെ [തീരുമാനം നം. 16(3)] എന്നിവരും, ഈ കാലയളവിൽ ചുമതല വഹിച്ചിരുന്ന കൃഷി ഓഫീസർമാരും, സെക്രട്ടറിമാരും ഈ വീഴ്ചയ്ക്ക് ഉത്തരവാദികളാണ്. തൈകൾക്ക് ഓർഡർ കൊടുത്ത KAICO, KFAI എന്നിവയിൽ നിന്ന് നാളിതുവരെ അവ ലഭിച്ചില്ലെങ്കിൽ തുക പലിശസഹിതം തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. തൈകൾ ലഭിച്ചുവെങ്കിൽ പ്രോജക്ടിൽ വിഭാവന ചെയ്ത പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലൂടെ നട്ട് പരിപാലിച്ചതിന്റെ റിപ്പോർട്ടും മസ്റ്റർ റോളുകളുടെ പകർപ്പും ലഭ്യമാക്കേണ്ടതാണ്.

പദ്ധതി നിർവ്വഹണത്തിലെ അവ്യക്തത നീക്കുന്നതിന് സമഗ്രമമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

### 1-22 ഗെയിംസ് ടീം രൂപീകരണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ട് നം., പേര് | എസ്. 171/23 |

| | |
|---|---|
| | യുവജനങ്ങൾക്ക് സ്പോർട്സ് ടീം രൂപീകരണവും കോച്ചിംഗ് ക്യാംമ്പും |
| വകയിരുത്തിയ തുക | ₹90000/- (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | ₹59640/- |

ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ എന്നീ ഇനങ്ങളിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ടീം രൂപീകരണം ലക്ഷ്യമാക്കി ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ട് പ്രകാരം ടീമിനെ തെരഞ്ഞെടുക്കുന്നതിനുള്ള ക്യാമ്പിന്റെ സംഘാടനം, പരിശീലകർക്കുള്ള വേതനം, പഞ്ചായത്തിന്റെ പേര് മുദ്രണം ചെയ്ത ജഴ്സി വിതരണം എന്നിവയ്ക്കാണ് തുക ചെലവഴിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം. & തീയതി | തുക (₹) |
|---|---|
| BRN22100252014401495003/27.03.2023 | 29640 |
| BRN22100252014401402477/16.03.2023 | 30000 |
| ആകെ | 59640 |

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പതിന്നാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖ. 7.7.1 അനുസരിച്ച്, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ സ.ഉ.(കൈ)നം.115/2022/LSGD നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചത്) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള യുവജന ക്ലബ്ബുകളിൽ നിന്ന് ടീം രൂപീകരിച്ച് ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തേണ്ടതും, ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ടീമുകളിൽ നിന്നും ഏറ്റവും നല്ല കളിക്കാരെ ഉൾപ്പെടുത്തി ടീം രൂപീകരിക്കുന്നതിനുമാണ് നിർദ്ദേശിച്ചിരിക്കുന്നതെങ്കിലും ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തി ടീം രൂപീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

2. പ്രൊജക്ടിന്റെ പ്രധാന ഉദ്ദേശ്യം ടീമിന്റെ രൂപീകരണമായിരുന്നെങ്കിലും തെരഞ്ഞെടുക്കപ്പെട്ട ടീമിനെ സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ ഇല്ല. ടീമിൽ ഉൾപ്പെട്ടവരുടെ, പഞ്ചായത്തിലെ സ്ഥിര താമസം, അവരുടെ പ്രായം എന്നിവ സംബന്ധിച്ച വിഷയങ്ങളിൽ അവ്യക്തത നില നിൽക്കുന്നു.

3. തെരഞ്ഞെടുക്കപ്പെട്ട ടീമിന് ഒരു മാസത്തെ പരിശീലനം നൽകണമെന്നാണ് സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങളെങ്കിലും, മൂന്ന് ദിവസത്തെ പരിശീലനം മാത്രമാണ് നൽകിയിരിക്കുന്നത്.

4. ക്രിക്കറ്റ് ടീമിന് പഞ്ചായത്തിന്റെ പേര് മുദ്രണം ചെയ്ത ജേഴ്സി വിതരണം ചെയ്യുന്നതിന് അത്‌ലറ്റിക്സ് സ്പോർട്സ്, മുണ്ടക്കയം എന്ന സ്ഥാപനത്തിന് ₹16,000/- ചെലവഴിച്ചെങ്കിലും ജേഴ്സി വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

5. ഓരോ ഇനത്തിലും മൂന്ന് വീതം പരിശീലകർക്ക് പ്രതിഫലം നൽകിയിട്ടുണ്ട്. പരിശീലനത്തിൽ പങ്കെടുത്തവരുടെ എണ്ണം, ഹാജർ വിവരം എന്നിവ ലഭ്യമായിട്ടില്ല.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നുവെങ്കിലും

(എൻക്വയറി നം.4/തീ. 27.07.2023) മറുപടി ലഭ്യമായില്ല. ആകയാൽ ചെലവ് തുക ₹59,640/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ - മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പ്രൊജക്ട് പ്രകാരം, വികസന ഫണ്ടിൽ നിന്നും ₹60,000/- (BRN2210025201440143 7282/22-03-2023) ചെലവഴിച്ച് അത്‌ലറ്റിക്സ് സ്പോർട്സ് എന്ന സ്ഥാപനത്തിൽ നിന്ന് ഉപകരണങ്ങൾ വാങ്ങി യൂത്ത് കോർഡിനേറ്ററുടെ സാക്ഷ്യപത്രപ്രകാരം അവളിടം വനിതാ ക്ലബ്, യുവ ആർട്സ് & സ്പോർട്സ് ക്ലബ്, ന്യൂ ആർട്സ് & സ്പോർട്സ് ക്ലബ് എന്നീ ക്ലബ്ബുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പതിന്നാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖ.7.7.2 അനുസരിച്ച്, (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സ.ഉ.(കൈ)നം.115/2022/LSGD, തീയതി 28.05.2022 പ്രകാരം പുറപ്പെടുവിച്ചത്) ഒരു ക്ലബ്ബിന് ₹6,000/-യിൽ അധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങളാണ് വാങ്ങി നൽകാവുന്നത്. എന്നാൽ അഞ്ച് ക്ലബ്ബുകൾക്ക് വേണ്ടി ₹60,000/-യാണ് ചെലവഴിച്ചത്.

2. നൽകേണ്ട സ്പോർട്സ് ഉപകരണങ്ങളുടെ ഇനം യൂത്ത് ക്ലബ്ബുകളുടെ ഏകോപന സമിതി നിശ്ചയിക്കണമെന്നുണ്ടെങ്കിലും ഏകോപന സമിതി രൂപീകരിച്ചതായോ, സമിതി ശുപാർശ ചെയ്തതായോ കാണുന്നില്ല. ക്ലബ്ബുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡവും വ്യക്തമല്ല.

3. പ്രസ്തുത സ്ഥാപനങ്ങൾ യൂത്ത് വെൽഫയർ ബോർഡിൽ അഫിലിയേറ്റ് ചെയ്തതാണെന്നതിന്റെ വിവരം ലഭ്യമാക്കിയില്ല.

4. അഞ്ച് സ്ഥാപനങ്ങൾക്കായി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും മൂന്ന് സ്ഥാപനങ്ങൾക്ക് മാത്രമാണ് അവ കൈമാറിയതായി ചേർത്തിരിക്കുന്നത്. ആയതിന്റെ കൈപ്പറ്റ് വിവരം ലഭ്യമാക്കിയിട്ടില്ല.

5. ഉപകരണങ്ങൾ വാങ്ങിയതിന്റെ ജി.എസ്.റ്റി. ബിൽ ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശിത അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/തീ. 27.07.2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന പരിധി അതിലംഘിച്ച് നടത്തിയ ₹30,000/-യുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്. പ്രോജക്ട് യഥാവിധി ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ ശേഷിക്കുന്ന ₹30,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 കരാറുകാരിൽനിന്നും ജി.എസ്.റ്റി. ഈടാക്കിയില്ല

2017-ലെ കേന്ദ്ര ചരക്ക്-സേവന നികുതി നിയമം വകുപ്പ് 51(1) അനുസരിച്ച്, വിതരണം ചെയ്യുന്ന സാധനങ്ങളുടെ ആകെ മൂല്യം 2.50 ലക്ഷം അധികരിക്കുന്ന കരാറുകളിലെ കരാറുകാരുടെ ബില്ലിൽ നിന്നും 1 ശതമാനം തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമാനമായ വ്യവസ്ഥ 2017-ലെ കേരള ചരക്ക്-സേവന നികുതി നിയമം 51(1) വകുപ്പിലും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ജി.എസ്.ടി. ഇനത്തിൽ 2 ശതമാനം തുക

സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തതിന് ശേഷമുള്ള തുക മാത്രമാണ് കരാറുകാരന് നൽകാവുന്നത്. എന്നാൽ തൻവർഷം വിവിധ പ്രൊജക്ടുകളിലൂടെ സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാർക്ക് പ്രതിഫലം നൽകിയ വേളയിൽ ഉറവിടത്തിൽ നിന്നും 2% നികുതി കുറവ് ചെയ്തില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | സ്ഥാപനം | നൽകിയ തുക (₹) | ബിൽ വിവരങ്ങൾ | ഈടാക്കേണ്ടിയിരുന്ന നികുതി |
|---|---|---|---|---|
| എം.സി.എഫ്-ൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കൽ | സീമോസ് ഓൺലൈൻ എൽ.എൽ.പി. മലപ്പുറം | 469998 | ₹284899/- (UTR 32382963921 തീ. 27.03.2023) ₹122099/- (XVFC/2022-23-P/29, 30.03.2023) | ₹9385/- |
| | | | ഒട്ടാകെ | ₹9385/- |

റ്റി.ഡി.എസ്. ആയി തുക ഈടാക്കാതിരുന്നതിനാൽ ആനുപാതിക തുകകൾ GST റിട്ടേൺ ഫയൽ ചെയ്ത വേളയിൽ വിതരണ കരാറുകാർ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടോയെന്ന് സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. ആകയാൽ GST ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന മേൽ പട്ടികയിൽ പരാമർശിക്കുന്ന തുകയുടെ ചെലവ് (₹9385/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത സ്ഥാപനം നികുതി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ഹരിത കർമ്മസേനയ്ക്ക് വാങ്ങിയ ഇലക്ട്രിക് ഗുഡ്സ് ഓട്ടോ പ്രവർത്തനരഹിതം

ഗ്രാമപഞ്ചായത്തിൽ ഹരിത കർമസേന മുഖേന ശേഖരിക്കുന്ന മാലിന്യം മണിക്കല്ലിൽ സ്ഥിതി ചെയ്യുന്ന MCF-ലേക്ക് മാറ്റുന്നതിനായി ഫ്ലോററ്റ് ടെക്നോളജീസ്, പഴവങ്ങാടി, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ഇലക്ട്രിക് ഗുഡ്സ് ഓട്ടോ വാങ്ങിയിട്ടുണ്ട് (പ്രൊജക്ട് നം. 300/23 ചെലവഴിച്ച തുക - ₹4,97,000/-). സ്ഥാപനം ലഭ്യമാക്കിയ സ്പെസിഫിക്കേഷൻ അനുസരിച്ച് ഫുൾ ബാറ്ററി ചാർജിൽ ഫുൾ ലോഡിൽ വാഹനം 70 കി.മി ദൂരം സഞ്ചരിക്കേണ്ടതാണ്. എന്നാൽ ഫുൾ ബാറ്ററി ചാർജിംഗ് നടത്തി സർവ്വീസ് തുടങ്ങിയ ദിവസം ഭാരം കയറ്റാതെ എട്ട് കി.മീ. ദൂരം സഞ്ചരിച്ചപ്പോൾ തന്നെ വാഹനം തകരാറിലായി. വീണ്ടും ബാറ്ററി ചാർജ് ചെയ്ത് വാഹനം ഓടിച്ചെങ്കിലും എട്ട് കി.മീ ദൂരത്തിൽ കൂടുതൽ ഓടിക്കാൻ സാധിച്ചില്ല. ഫലത്തിൽ ഒരു തവണ പോലും മാലിന്യ നീക്കത്തിന് ഉപയോഗിക്കാൻ കഴിയാതെ വാഹനം പഞ്ചായത്ത് വളപ്പിൽ സൂക്ഷിച്ചിരിക്കുകയാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 5/27.07.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

വാഹനം വിതരണം ചെയ്ത സ്ഥാപനവുമായി ഏർപ്പെട്ട കരാറിലെ ആറാമത്തെ വ്യവസ്ഥ പ്രകാരം മൂന്ന് വർഷത്തെ ബാറ്ററി റീപ്ലേസ്മെന്റ്, ഒരു വർഷത്തെ മോട്ടോർ വാറന്റി എന്നിവ ഉറപ്പ് നൽകിയിട്ടുള്ളതാണ്. വാഹനം തകരാറിലായ വിവരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 14-07-2023-ലെ എസ്.സി.-1/300/23 കത്ത് പ്രകാരം സ്ഥാപനത്തെ ധരിപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ ത്വരിതഗതിയിലാക്കി വാഹനം മാലിന്യ സംഭരണത്തിന് സജ്ജമാക്കേണ്ടതാണ്. ഭരണ സമിതിയുടെ സജീവ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-26 തെരുവ് ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് നിലവിൽ 68 പൊതു ടാപ്പുകളുടെ കുടിവെള്ളക്കരമാണ് ജല അതോറിറ്റിയിൽ ഒടുക്കുന്നത്.

കുടിവെള്ള പൈപ്പുകൾ സംബന്ധിച്ച് ജല അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. 2021-ലെ പ്രളയവും, പ്രകൃതി ക്ഷോഭവും മൂലം പ്രവർത്തനക്ഷമമായിരുന്ന പൊതു ടാപ്പുകൾ പലതും നശിക്കാനിടയായിട്ടുണ്ട്. 2023 ഫെബ്രുവരി മുതൽ പൊതു ടാപ്പുകളുടെ വെള്ളക്കരം വാർഷികമായി ₹14,559.12 ആയി ഉയർന്നിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09.04.2023-ലെ 90/2023 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ആസ്തി പരിപാലന ഗ്രാന്റ് വിനിയോഗം സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖയുടെ ഖണ്ഡിക 2.7.8 അനുസരിച്ച് 2023-24 മുതൽ പദ്ധതി വിഹിതം വിനിയോഗിച്ച് വെള്ളക്കരം ഒടുക്കുന്നതിന് നിരോധനമുണ്ട്. ശമ്പളത്തിനും മറ്റാവശ്യങ്ങൾക്കും ഗ്യാപ് ഫണ്ടിനെ ആശ്രയിക്കുന്ന ഗ്രാമപഞ്ചായത്തിന് പ്രസ്തുത ഉത്തരവിലെ നിർദ്ദേശം ഏറെ സാമ്പത്തിക ഞെരുക്കം സൃഷ്ടിക്കുന്നതാണ് (നിലവിലെ വാർഷിക വെള്ളക്കര ബാധ്യത 68 X 14559.12 = ₹9,90,020/-). ഈ സാഹചര്യത്തിൽ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ കൃത്യമായി നിർണയിക്കുന്നതിനും ഇതിന് ആനുപാതികമായി കരം ഒടുക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഗാർഹിക കുടിവെള്ള കണക്ഷനുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-27 വിവിധ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ - വിതരണ ഏജൻസികൾ ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല

വിവിധ മെഡിക്കൽ ഓഫീസർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായി മരുന്നുകൾ വാങ്ങുന്നതിന് വേണ്ടി ഹോംകോ, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി തുക കൈമാറിയെങ്കിലും നാളിതുവരെ വിതരണ ഏജൻസികൾ ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് നം, പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ഹോമിയോ മെഡിക്കൽ ഓഫീസർ എസ്. 020/23 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | ഹോംകോ ആലപ്പുഴ | 200000 | NEFT മുഖേന സ്ഥാപനത്തിന് എസ്.ബി.ഐ., ആലപ്പുഴ കൈചൂണ്ടി ശാഖയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 29.10.2022-ൽ ട്രാൻസ്ഫർ ചെയ്തു | 00 | 200000 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) എസ്. 021/23 പാലിയേറ്റീവ് കെയറിന് മരുന്ന് വാങ്ങൽ മെഡിക്കൽ | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 76460 | BRN22100252011201268204 തീ. 01-03-2023 | 00 | 76460 |

| ഓഫീസർ | | | | | | |
|---|---|---|---|---|---|---|

ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അനുവദനീയമല്ലാത്ത പ്രോജക്ട് നടപ്പാക്കാൻ ശ്രമിച്ചത് വഴി പഞ്ചായത്ത് ഫണ്ടിന് വൻ സാമ്പത്തിക ബാധ്യത

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 സാമ്പത്തിക വർഷത്തെ കർമ പരിപാടിയിൽ ഉൾപ്പെട്ട പ്രോജക്ടായിരുന്ന വ്യക്തിഗത ഗുണഭോക്താക്കൾക്ക് മഴവെള്ള സംഭരണി നിർമാണം. ഇതിനുള്ള നിർമാണ വസ്തുക്കൾ വിതരണം ചെയ്യുന്നതിനുള്ള കരാർ ശ്രീ. ബോബൻ വർക്കി പാത്തിക്കൽ, പെരുവന്താനം എന്ന വ്യക്തിയ്ക്കാണ് അനുവദിച്ച് നൽകിയത്. 154 മഴവെള്ള സംഭരണികൾ നിർമിക്കുന്നതിനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടത്. ഇത് പ്രകാരമുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരവെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 27.11.2019-ലെ SD-4274(E) വിജ്ഞാപന പ്രകാരം വ്യക്തിഗത മഴവെള്ള സംഭരണി നിർമാണ പ്രോജക്ടുകൾ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്നത് വിലക്കുകയുണ്ടായി. ഇതിനോടകം വിതരണം പൂർത്തിയായ 87 സംഭരണികൾക്കാവശ്യമായ സാധനങ്ങളുടെ വില കരാറുകാരന് നൽകിയിരുന്നു. വിജ്ഞാപനം വന്നതോടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത തീയതി മുതലുള്ള സപ്ലൈ ഓർഡറുകൾ റദ്ദ് ചെയ്തു. എന്നാൽ താൻ 154 സൈറ്റുകളിലേയ്ക്കുമുള്ള സാധന സാമഗ്രികളുടെ വിതരണം പൂർത്തീകരിച്ചതാണെന്നും തനിക്കർഹതപ്പെട്ട ശേഷിക്കുന്ന 67 സൈറ്റുകളുടെ സാധന വിലയായ ₹68,95,200/- കൂടി അനുവദിക്കുവാൻ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ട് ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി (WP(C) No. 1189/2021). കേസ് പരിഗണിച്ച കോടതി 05.04.2021-ൽ കരാറുകാരന് അനുകൂലമായ വിധി പുറപ്പെടുവിച്ചു.

അവിദഗ്ദ തൊഴിലാളികൾക്ക് മസ്റ്റർ റോൾ വിതരണം ചെയ്യുന്നത് മുതലാണ് ദേശീയ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചതായി കണക്കാക്കുന്നത്. പ്രസ്തുത പ്രോജക്ടിൽ മസ്റ്റർ റോൾ അനുവദിയ്ക്കുകയോ, ജിയോടാഗ് ചെയ്ത് നിർമാണപ്രവർത്തനം ക്രമീകരിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിച്ചതായി പരിഗണിക്കാൻ കഴിയില്ല. സ്വാഭാവികമായും കരാറുകാരന്റെ പ്രതിഫലം തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ നിന്ന് നൽകാൻ ദേശീയ തൊഴിലുറപ്പ് പദ്ധതി നിയമ പ്രകാരം വ്യവസ്ഥയില്ല. പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് MGNREGS മിഷൻ ഡയറക്ടർ വിശദമായ പരിശോധന നടത്തുകയും 28.12.2022-ലെ NREGA/293/2022-D1 നമ്പർ കത്ത് മുഖേന സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പദ്ധതി നടത്തിപ്പിൽ ഗൗരവമേറിയ വീഴ്ചകൾ പ്രോജക്ടിന് അനുമതി നൽകിയ അധികൃതരുടെ ഭാഗത്ത് നിന്നുമുണ്ടായതായി ഡയറക്ടർ കണ്ടെത്തുകയും സമഗ്രമായ വകുപ്പുതല പരിശോധന നടത്തി ഗ്രാമപഞ്ചായത്തിന് സംഭവിച്ച നഷ്ടം തിട്ടപ്പെടുത്തി ഈടാക്കുവാൻ റിപ്പോർട്ടിൽ ശുപാർശ ചെയ്യുകയും ചെയ്തു. നിർമാണ സാമഗ്രികൾ വിതരണം ചെയ്തതായി സൂചിപ്പിച്ച് കരാറുകാരൻ ഹാജരാക്കിയ 13 പ്രോജക്ടുകളുടെ ബിൽ തുകയായ ₹4,44,210/- നിയമാനുസൃത നികുതി വസൂലാക്കലുകൾക്ക് ശേഷം കരാറുകാരന് അനുവദിക്കാവുന്നതാണെന്നും, ശേഷിക്കുന്ന 54 ബില്ലുകൾ 19.11.2022-ലേത് ആയതിനാൽ നിരാകരിക്കാവുന്നതാണെന്നും മിഷൻ ഡയറക്ടർ ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടപടി ക്രമങ്ങൾ പാലിയ്ക്കാതെ ആരംഭിച്ച പ്രവൃത്തിയായതിനാൽ തുക പദ്ധതി ഫണ്ടിൽ നിന്ന് അനുവദിക്കാൻ

സാധിക്കില്ലായെന്ന മിഷൻ ഡയറക്ടറുടെ റിപ്പോർട്ട് അംഗീകരിച്ച സർക്കാർ ഈ വിഷയത്തിലെ കോടതി അലക്ഷ്യ സാധ്യത പരിഗണിച്ച് പദ്ധതിയുടെ അഡ്മിൻ ഫണ്ടിൽ നിന്നും തുക അനുവദിച്ച് നൽകാനും അത് ഉത്തരവാദികളിൽ നിന്ന് തിരികെ ക്രമീകരിക്കുന്നതിന് സാധ്യതകൾ പരിശോധിക്കാനും മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട് (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.12.2022-ലെ ജി.ഒ.(ആർ.ടി.)3254/2022, 16.03.2023-ലെ ജി.ഒ.(ആർ.ടി.) 620/2023 നമ്പർ ഉത്തരവുകൾ പ്രകാരം).

ശേഷിക്കുന്ന 54 പ്രവൃത്തികളുടെ തുക ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കരാറുകാരൻ കോടതിയലക്ഷ്യ ഹർജിയുമായി (WA 1691/22, WA 1792/2022) ബഹു. ഹൈക്കോടതിയെ സമീപിച്ചതിനെ തുടർന്ന് 09.02.2023-ലെ ഉത്തരവിലൂടെ കരാറുകാരന്റെ ആവശ്യം അടിയന്തിരമായി തീർപ്പാക്കാൻ മിഷൻ ഡയറക്ടർക്കും ഗ്രാമപഞ്ചായത്തിനും നിർദ്ദേശം ലഭിക്കുകയുണ്ടായി. ശേഷിക്കുന്ന 54 പ്രവൃത്തികളുടെയും ബില്ലുകളുടെ ആധികാരികത സംശയാസ്പദമാണെന്ന് മിഷൻ ഡയറക്ടർ കണ്ടെത്തിയിരുന്നുവെങ്കിലും (കോടതി വ്യവഹാരം ആരംഭിച്ച് ഏതാണ്ട് ഒന്നര വർഷത്തിന് ശേഷമുള്ള 19.11.2022-ലെ ബില്ലുകൾ) അവ അനുവദിക്കാവുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ സാഹചര്യത്തിൽ അവയുടെ ആകെ മൂല്യമായ ₹18,11,010/- തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിൻ ഫണ്ടിൽ നിന്ന് MIS മുഖേന അല്ലാതെ അനുവദിച്ച് നൽകാനും നിയമാനുസൃത വസൂലാക്കലുകൾക്ക് ശേഷം പ്രസ്തുത തുക കരാറുകാരന് കൈമാറാനും സർക്കാർ ഉത്തരവായിട്ടുണ്ട് (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.07.2023-ലെ ജി.ഒ.(ആർ.ടി.)1483/2023 നമ്പർ ഉത്തരവ് പ്രകാരം). പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ പൊതു ആവശ്യ ഗ്രാന്റിന്റെ അടുത്ത ഗഡുക്കളുടെ സ്രോതസിൽ നിന്ന് ക്രമീകരിച്ച് തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിൻ ഫണ്ടിലേക്ക് ക്രമീകരിക്കുന്നതാണെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മിഷൻ ഡയറക്ടർ നടത്തിയ പരിശോധനകളിലൊന്നും തന്നെ ബില്ലുകളിൽ അവകാശപ്പെട്ട അളവിലുള്ള സാധനങ്ങൾ സൈറ്റുകളിൽ സൂക്ഷിച്ചിട്ടുള്ളതായി സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുന്നതിന് അക്രെഡിറ്റഡ് എൻജിനീയറുടെ നേതൃത്വത്തിൽ സുസജ്ജമായ ഒരു വിഭാഗം പ്രവർത്തിക്കുന്നുവെങ്കിലും അവർ കാലികമായി സൈറ്റുകൾ പരിശോധിച്ച് നിർമാണ സാമഗ്രികളുടെ STACK MEASUREMENT കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കാതിരുന്നത് ഗുരുതരമായ കൃത്യവിലോപവും ഇടപാടിലെ സുതാര്യതക്കുറവുമാണ് വെളിവാക്കുന്നത്. 27.11.2019-ൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പ്രോജക്ട് നിർത്തലാക്കുന്നതിന് ഉത്തരവിടുകയും തദനുസരണം തുടർന്നുള്ള സപ്ലൈ ഓർഡർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റദ്ദ് ചെയ്യുകയും ചെയ്തതിനെതിരെ കോടതി വ്യവഹാരം നടത്തി അനുകൂല വിധി നേടി ഒന്നര വർഷത്തിന് ശേഷം 19.11.2022-ൽ സാധനങ്ങൾ ഇറക്കിയതായി രേഖകൾ ഹാജരാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിന് ശുപാർശ ചെയ്യപ്പെട്ടതുമായ നടപടികൾ ഏറെ ദുരൂഹമാണ്. ഇതോടൊപ്പം, 67 പ്രോജക്ടുകളുടെ സാധന വിലയായി ₹68,95,200/- കോടതി മുമ്പാകെ ആവശ്യപ്പെട്ട കരാറുകാരന്റെ അവകാശവാദം ഒടുവിൽ മൂന്നിലൊന്നായി (444210 + 1811010 = ₹22,55,220/-) പരിമിതപ്പെട്ടുവെന്നതും അന്വേഷണം അർഹിക്കുന്ന കാര്യമാണ്. ഈ വിഷയം പരിഗണിച്ച സർക്കാർ ഇത്തരമൊരു കേസും കോടതിയലക്ഷ്യ സാധ്യതയും ഉണ്ടാകാനിടയായ സാഹചര്യവും, വിതരണം ചെയ്ത സാമഗ്രികളുടെ ഉപയോഗവും

അടക്കമുള്ള വസ്തുതകൾ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ പ്രതിനിധി കൂടി ഉൾപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭ്യന്തര വിജിലൻസ് സംവിധാനം മുഖേന പരിശോധിച്ച് തുടർ നടപടി ശുപാർശകൾ അടങ്ങുന്ന റിപ്പോർട്ട് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കുവാനും 20.07.2023-ലെ മേൽ പരാമർശിച്ച ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്.

ഒട്ടും തന്നെ സുതാര്യതയില്ലാത്ത ഇടപാടിലൂടെ ഗ്രാമപഞ്ചായത്ത് ഫണ്ടിന് ഭീമമായ ബാധ്യതയാണുണ്ടായിട്ടുള്ളത്. പ്രസ്തുത വിഷയത്തിലെ വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെയും അതിന്മേൽ സ്വീകരിക്കുന്ന നടപടികളുടെയും സമഗ്ര വിവരങ്ങൾ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

## 1-29 വാങ്ങിയ കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം (നം. 198/23) എന്ന പ്രൊജക്റ്റിന് വേണ്ടി കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ₹4,240/- നിരക്കിൽ 171 കട്ടിലുകൾ വാങ്ങിയിരുന്നു.

| ബിൽ നം. & തീയതി | തുക (₹) |
|---|---:|
| BRN22100252011700983790, 31.12.22 | 474880 |
| BRN22100252011701507617, 27.3.23 | 250160 |
| ആകെ | 725040 |

ലഭ്യമായ കട്ടിലുകൾ പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല. 6 എണ്ണം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. അവ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ യഥാർത്ഥ എണ്ണത്തിന് ആനുപാതികമായി മാത്രം ഉപകരണങ്ങൾ വാങ്ങുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം - പദ്ധതി പൂർത്തിയാക്കിയില്ല

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം (220/23) പദ്ധതി നടത്തിപ്പിനായി കെൽട്രോണിന് ₹2,04,900/- നൽകിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. കെൽട്രോൺ ട്രെയിനിംഗ് നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

2. പഞ്ചായത്തിൽ ഹരിത കർമ്മസേനയുമായി സഹകരിക്കുന്ന എത്ര വീടുകളുണ്ടെന്നും എത്ര വീടുകളിൽ QR കോഡ് പതിപ്പിച്ചിട്ടുണ്ടെന്നും വ്യക്തമല്ല.

3. കെൽട്രോൺ ലഭ്യമാക്കിയ ലാപ്ടോപ്പ് സ്റ്റോക്കിലെടുത്തതിന്റെയും ഉപയോഗത്തിനായി ഹരിത കർമ്മസേനയ്ക്ക് നൽകിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

4. നിലവിൽ പദ്ധതി പൂർണ്ണമായും സജ്ജമായിട്ടുണ്ടോയെന്നും കെൽട്രോണിന്റെ സർവീസ് പൂർത്തിയാക്കി അവസാനിപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല.

വിശദ രേഖകൾ സഹിതം അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ - മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ "ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ" എന്ന പതിന്നാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖ.7.7.2ലെ പരിധി മറി കടന്ന് ₹30,000/- അധികം ചെലവഴിച്ചത് മൂലം പ്രസ്തുത തുക പഞ്ചായത്തിന് നഷ്ടമായി. ഈ അപാകത സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-23ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക 1-23 ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-9(ബി)യിൽ പേര് പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ഉത്തരവാദികളാണ്. പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടമായ തുക ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് നല്കിയ തുകകൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| അഴുത | 2022-23 | 174450 | ശാരീരിക മാനസിക വെല്ലുവിളി | 174450 | - |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് (160/23) | | |
| ഇടുക്കി ജില്ലാപഞ്ചായത്ത് | 2022-23 | 213190 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (150/23) | 213190 | - |
| ഇടുക്കി ജില്ലാപഞ്ചായത്ത് | 2022-23 | 300000 | സുവർണ്ണ ഭവനം പദ്ധതി (318/23) | 300000 | - |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| ക്രമ നം. | പ്രോജക്ട് നം., പേര് | നിർവ്വഹണ ഏജൻസി | കൈമാറിയ തുക (₹) | ബിൽ വിവരങ്ങൾ | വിനിയോഗിച്ച തുക ₹ | തുക (₹) |
|---|---|---|---|---|---|---|
| 1 | എസ്.3/2023 മുപ്പത്താറാം മൈൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | കേരള ജല അതോറിറ്റി, പൊതുജനാരോഗ്യ വിഭാഗം, തൊടുപുഴ | 51000 | ₹1000/- (RB10822368234659, 15.03.2023) ₹50000/- (R032304644119. 16.03.2023) | വിനിയോഗ വിവരം ലഭിച്ചിട്ടില്ല | |
| 2 | എസ്.59/2023 മുപ്പത്തിനാലാം മൈൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | കേരള ജല അതോറിറ്റി, പൊതുജനാരോഗ്യ വിഭാഗം, തൊടുപുഴ | 150000 | R0422001004409, 06-04-2022 | വിനിയോഗ വിവരം ലഭിച്ചിട്ടില്ല | |
| 3 | എസ്.179/2023 അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 16182 | RBI2462225687996, 31.08.2022 | വിനിയോഗ വിവരം ലഭിച്ചിട്ടില്ല | |
| 4 | എസ്. 219/2023 പെരുവന്താനം മൃഗാശുപത്രി നിർമ്മാണത്തിനായി നിലവിലുള്ള ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 503955 | RBI2382208260925, 22.05.2022 | വിനിയോഗ വിവരം ലഭിച്ചിട്ടില്ല | |
| 5 | എസ്. 290/23 | ഭൂജലവകുപ്പ് | 72030 | RO22302895689, | വിനിയോഗ | |

| | | | | | | |
|---|---|---|---|---|---|---|
| | നല്ലതണ്ണി അമലഗിരി കുടിവെള്ള പദ്ധതി | | | 16.02.2023 | വിവരം ലഭിച്ചിട്ടില്ല | |
| 6 | എസ്.310/23 ചെറുവള്ളിക്കുളം കുരിശടി വളഞ്ചാൽറോഡ് കുടിവെള്ള പദ്ധതി | ഭൂജലവകുപ്പ് | 68037 | RO22302895689, 16.02.2023 | വിനിയോഗ വിവരം ലഭിച്ചിട്ടില്ല | |
| 7 | എസ്.311/23 എല്ലിക്കാനം കുടിവെള്ള പദ്ധതി | ഭൂജലവകുപ്പ് | 70034 | RO22302910585, 16.02.2023 | വിനിയോഗ വിവരം ലഭിച്ചിട്ടില്ല | |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് ഭവന പദ്ധതി വായ്പ ഇനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ഉത്തരവ് പ്രകാരം അനുവദിച്ച വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻ വർഷം ലഭിച്ച തുക ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ ₹ | പലിശ ₹ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(സാധാ) 688/2019/ ത.സ്വ.ഭ.വ തീ: 22.03.2019 | ₹2,20,000x153 ഗുണഭോക്താക്കൾ ₹3,36,60,000/- | 29583903 | ഇല്ല | 3362190 | - | 26221713 |

4-5 സ്ഥിര നിക്ഷേപം

– ഇല്ല –

4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23, വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-2 | 2011-12 | 2-4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം | പരാമർശം തുടരുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

– ഇല്ല –

ബി) സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

| ക്രമ നം. | വർഷം | ഖ. നം | ഉത്തര വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർട്ടിഫിക്കറ്റ് | | സ്വയം ഒടുക്കിയ തുക, രസീത് നം. തീയതി | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | റവന്യൂ റിക്കവറി യിലൂടെ ഈടാ ക്കിയ തുക, തീയതി | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമാ ക്കിയ തുക | ഒടുക്കു വാൻ അവ ശേഷി ക്കുന്ന തുക/ ബാധ്യത |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പർ/ തീയതി | തുക ₹ | | | | ഉൾ പ്പെട്ട തുക ₹ | ഈടാ ക്കിയ തുക ₹ | | |
| 1 | 1997-98 | 25 | പി. എസ്. സുരേന്ദ്രൻ | എൽ.എഫ്. 14612/സ്പെ. സെൽ/എസ്. സി.2/01 തീ. 16.09.02 | 1010 | അട വാക്കി യില്ല | | - | - | | - | 1010 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹7055333 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹34217238 |
| ആകെ | ₹41372571 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹33865118 |
| നീക്കിയിരിപ്പ് | ₹7507453 |
| (കുറിപ്പ് – പഞ്ചായത്തിന്റെ 2022-23ലെ റെസിപ്റ്റ് & പേയ്മെന്റ് പത്രികയിലെ വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹30000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹223025 |

(ബി) <u>ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 30000 | ശ്രീ. വിനോദ് ബി., സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-20<br>1-21 | 24000<br>100000 | ശ്രീ. വിനോദ് ബി., | സെക്രട്ടറി |
| | | ശ്രീമതി എൽസാ ഗിൽസ്<br>ശ്രീ. മണികണ്ഠൻ എസ്.<br>ശ്രീമതി ലിനു മാത്യു | (കൃഷി ഓഫീസർമാർ) |
| | | പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ | |
| 1-22 | 59640 | ശ്രീ. വിനോദ് ബി. | സെക്രട്ടറി |
| 1-23 | 30000 | ശ്രീ. വിനോദ് ബി. | സെക്രട്ടറി |
| 1-24 | 9385 | ശ്രീ. വിനോദ് ബി. | സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

– ഇല്ല –

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഖണ്ഡിക – 1-20, 1-21

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | Smt. Elasa Gills<br>Agriculture Officer | - | കുറ്റിക്കൽ വീട്<br>ചേരാനെല്ലൂർ<br>എറണാകുളം |
| 2. | ശ്രീ. മണികണ്ഠൻ എസ്.<br>കൃഷി ഓഫീസർ | - | വൃന്ദാവൻ<br>തേങ്ങാക്കൽ എസ്റ്റേറ്റ്<br>വണ്ടിപ്പെരിയാർ പി. ഒ.<br>ഇടുക്കി |
| 3. | ശ്രീമതി ലിനു മാത്യു<br>കൃഷി ഓഫീസർ<br>(കരാർ അടിസ്ഥാനത്തിൽ) | | കൂട്ടപ്പാലയിൽ<br>പുതുവേലി പി. ഒ.<br>കോട്ടയം - 686636 |
| 4. | ശ്രീ. വിനോദ് ബി.<br>സെക്രട്ടറി | | രാജകീ നിലയം,<br>ആനയറ പി. ഒ.<br>തിരുവനന്തപുരം<br>പിൻ – 695029 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| | | എണ്ണം | നമ്പർ |
| 1997-98 | എൽ.എഫ്.ഐ-15/238/2015<br>തീ.19.02.2015 | 1 | 25 |
| 1999-2000 | എൽ.എഫ്.ഐ-15/238/2015<br>തീ.19.02.2015 | 1 | 19(1) |
| 2001-02 | എൽ.എഫ്.ഐ-15/238/2015<br>തീ.19.02.2015 | 2 | 2-4,<br>3-3(സി) |
| 2006-07 | കെ.എസ്.എ.-ഐ.ഡി.കെ.-പി-2/1340/<br>(അദാലത്ത്)2022/തീ.14.10.2022 | 1 | 3-4 |
| 2007-08 | കെ.എസ്.എ.-ഐ.ഡി.കെ.-പി-2/1340/<br>(അദാലത്ത്)2022/തീ.14.10.2022 | 1 | 3-4 |
| 2008-09 | കെ.എസ്.എ.-ഐ.ഡി.കെ.-പി-2/1340/<br>(അദാലത്ത്)2022/തീ.14.10.2022 | 2 | 3-2<br>3-3 |

| | | | |
|---|---|---|---|
| 2009-10 | കെ.എസ്.എ.-ഐ.ഡി.കെ.-പി-2/1340/ (അദാലത്ത്)2022/തീ.14.10.2022 | 3 | 2-5, 3-1 3-2 |
| 2010-11 & 2011-12 | കെ.എസ്.എ.-ഐ.ഡി.കെ.-പി-2/1340/ (അദാലത്ത്)2022/തീ.14.10.2022 | 5 | 3-5, 3-6, 3-8, 3-9, 3-10 |
| 2012-13 | കെ.എസ്.എ.-ഐ.ഡി.കെ.-പി-2/1340/ (അദാലത്ത്)2022/തീ.14.10.2022 | 6 | 3-3, 3-4, 3-5, 3-8, 3-9, 3-10 |
| 2013-14 | കെ.എസ്.എ.-ഐ.ഡി.കെ.-പി-2/1340/ (അദാലത്ത്)2022/തീ.14.10.2022 | 3 | 2-1, 3-5, 3-6 |
| 2014-15 | കെ.എസ്.എ.-ഐ.ഡി.കെ-8/487/18 തീ.02.052018 | 1 | 3-2 |
| 2015-16 | കെ.എസ്.എ.-ഐ.ഡി.കെ-8/1030/17 തീ.31.10.17 | 10 | 1-12, 2-1, 2-2, 3-2, 3-3, 3-4, 3-5, 3-6,3-9, 3-10 |
| 2016-17 | കെ.എസ്.എ.-ഐ.ഡി.കെ-8/360/17 തീ.22.06.17 | 19 | 2-1 മുതൽ 2-5 വരെ 3-1 മുതൽ 3-14 വരെ |
| 2017-18 | കെ.എസ്.എ.-ഐ.ഡി.കെ-8/117/2018 തീ.02.03.2019 | 10 | 2-2,3-2, 3-4, 3-6 മുതൽ 3-12 വരെ |
| 2018-19 | കെ.എസ്.എ.-ഐ.ഡി.കെ-8/838/19 തീയതി. 15.10.2019 | 45 | 1-11 മുതൽ 1-32 വരെ 3-1, 3-2 |
| 2019-20 | കെ.എസ്.എ.-ഐ.ഡി.കെ-8/163/22 തീയതി. 15.03.2022 | 36 | 1-1 മുതൽ 4-11 വരെ |
| 2020-21 | കെ.എസ്.എ.-ഐ.ഡി.കെ-8/1052/22 തീയതി. 30.07.2022 | 52 | 1-1 മുതൽ 4-11 വരെ |
| 2021-22 | കെ.എസ്.എ.-ഐ.ഡി.കെ.പി.2-238/2023 | 23 | 1-1 മുതൽ 1-22 വരെ, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 11-07-2023 and submitted on 12-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Peruvanthanam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Peruvanthanam Grama Panchayat for the year 2022-2023

Date: 01/11/2023

Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Peruvanthanam Grama Panchayat for the Year 2022-2023.

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.

2. Non disclosure of assets. Asset register is not comprehensive and up to date.

**2.Other Observations**

1) Payment vourcher Misclassification.
2) Demand register does not match with financial statements.

3) Registers, viz., advance register, deposit register, licence register, rent register etc., are not maintained correctly and or does not match with accounts.

4) Lack of authenticated journal vouchers for supporting the adjustment entries recorded in -prior period items-.
5) NREGS receipts and payments, wages and amount for material purchase, are not included in accounts.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്